പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4251 20.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി - യിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന കണ്ടക്ടർമാർ

ചോദ്യം

ശ്രീ. പാറക്കൽ അബ്ദുല്ല

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പി.എസ്.സി നിയമന ഉത്തരവ് നൽകിയവരെ നിയമിക്കാതിരിക്കുമ്പോഴും താൽക്കാലികാടിസ്ഥാനത്തിൽ ഒട്ടേറെ പേർ ഇപ്പോഴും കെ.എസ്.ആർ.ടി.സി -യിൽ കണ്ടക്ടർമാരായി ജോലി ചെയ്യുന്നുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി യിൽ നിലവിൽ താൽക്കാലിക കണ്ടക്ടർമാർ ജോലി ചെയ്യുന്നുണ്ട്. കോർപ്പറേഷനിലെ എംപാനൽ കണ്ടക്ടർമാരുടെ നിയമനം/സ്ഥിരപ്പെടുത്തൽ എന്നിവയുമായി ബന്ധപ്പെട്ട് നിരവധി ഹർജികൾ ബഹു:ഹൈക്കോടതി മുൻപാകെ നിലനിൽക്കുന്നതിനാൽ ഇതുമായി ബന്ധപ്പെട്ട് ഒരു അന്തിമ വിധിക്ക് വിധേയമായി മാത്രമേ കെ.എസ്.ആർ.ടി.സിക്ക് എംപാനൽ ജീവനക്കാരെ ഒഴിവാക്കി പി.എസ്.സി റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഇവരെ നിലനിർത്തുന്നതിനാണ് പി.എസ്.സി വഴി നിയമന ശുപാർശ ലഭിച്ചവർക്ക് നിയമനം നൽകാതെ നീട്ടിക്കൊണ്ടുപോകുന്നതെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കോർപ്പറേഷൻ അങ്ങേയറ്റം സാമ്പത്തിക ബുദ്ധിമുട്ടിലായിരുന്നു. വരവും ചെലവും തമ്മിൽ ശരാശരി 183 കോടിയുടെ അന്തരം ഉണ്ട്. ജീവനക്കാർക്ക് ശമ്പളവും വിരമിച്ച ജീവനക്കാർക്ക് പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ നൽകാൻ പറ്റാത്ത സാമ്പത്തിക ബുദ്ധിമുട്ടിലാണ് കോർ |

| | | | |
|---|---|---|---|
| | | | പ്പറേഷൻ. ആയതിനാൽ കേരള സർക്കാർ കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കോർപ്പറേഷനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പ്രൊഫ.സുശീൽ ഖന്നയെ നിയോഗിച്ചിട്ടുണ്ട്. ടി ഇടക്കാല റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ള പ്രധാനപ്പെട്ട ഒരു സംഗതി, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ RTC ജീവനക്കാരുടെ അനുപാതവുമായി താരതമ്യം ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാർ വളരെ കൂടുതലാണ് എന്നുള്ളതാണ്. ഇത് ദേശീയ ശരാശരിയിലേക്ക് എത്തിച്ചാൽ മാത്രമെ കെ.എസ്.ആർ.ടി.സിയുടെ സാന്നിദ്ധ്യവും നിലനിൽപ്പും ഉറപ്പ് വരുത്താൻ സാധിക്കുകയുള്ളൂ. ദേശീയ അനുപാതം വിലയിരുത്തുമ്പോൾ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും എണ്ണം കെ.എസ്.ആർ.ടി.സി.യിൽ അധികമാണ്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി മാത്രമെ നിലവിൽ പുതിയ ജീവനക്കാരെ നിയോഗിക്കാൻ കോർപ്പറേഷന് നിർവ്വാഹമുള്ളൂ. എന്നിരുന്നാലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖാന്തിരം 301 പേർക്കും ആശ്രിത നിയമനമായി 30 പേർക്കും കണ്ടക്ടർ ആയി നിയമനം നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ എത്ര പേർ ഈവിധം താൽക്കാലികാടിസ്ഥാനത്തിൽ കണ്ടക്ടർമാരായി ജോലി ചെയ്യുന്നുണ്ട്;വിശദാംശങ്ങൾ നൽകുമോ? | (സി) | കെ.എസ്.ആർ.ടി.സിയിൽ നിലവിൽ 3973 കണ്ടക്ടർമാർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**